

# Little Vibes

**Little Kites - 2023-24**

**GMVHSS Koyilandy**

# ആശംസ

**2023-24 അധ്യായന വർഷത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന 'ലിറ്റിൽ വൈബ്സ് ' ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.**



**ഹെഡ്മിസ്ട്രസ്,**
**ദീപാഞ്ജലി**
**മണക്കടവത്ത്**

# Editorial

പ്രിയരെ,

വിജ്ഞാനം വിരൽത്തുമ്പിലേക്ക്...
ജീവിതത്തിൻറെ നാനാതുറകളിലും സാങ്കേതികവിദ്യ പിടിമുറുക്കുന്ന ഈ വർത്തമാനകാലത്ത് എല്ലാ ജീവിത സാഹചര്യങ്ങളിലും കൃത്രിമ മനുഷ്യബുദ്ധിയടക്കം നമ്മെ ഭരിച്ചുകൊണ്ടിരിക്കുന്നു. സാങ്കേതികവിദ്യയിൽ പരിജ്ഞാനം ഉള്ളവനു മാത്രമേ സുഖകരമായ ജീവിതം സാധ്യമാകൂ  എന്ന് നമുക്ക് ഏവർക്കും അറിയാം. വിദ്യാർത്ഥികളിൽ സാങ്കേതിക പരിജ്ഞാനം  ഉറപ്പിക്കാനും വൈദഗ്ദ്യം നേടാനും സഹായകമായ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ് അംഗങ്ങളുടെ ചെറിയ ഒരു ആവിഷ്കാരമാണ് ഈ ഡിജിറ്റൽ മാഗസിൻ. 'ലിറ്റിൽ വൈബ്സ് '  – പുതിയ കാലത്തെ ആവിഷ്കാരങ്ങളെ അങ്ങനെ പേരിട്ട് വിളിക്കാം.
ടൈപ്പ് ചെയ്യപ്പെട്ട അക്ഷരങ്ങളെ ഏവരും സ്വീകരിക്കുമെന്ന വിശ്വാസത്തോടെ,

സ്നേഹപൂർവ്വം,
എഡിറ്റർ



# നാൾവഴികളിലൂടെ........

കൊയിലാണ്ടി നഗരസഭയിലെ വാർഡിൽ കടലോരമേഖലയിലാണ് കൊയിലാണ്ടി ഗവൺമെന്റ് മാപ്പിളവൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂൾ സ്ഥിതി ചെയ്യുന്നത്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കാനായി എത്തുന്നത്.

ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള ഈ വിദ്യാലയം സാമൂഹിക സാംസ്കാരിക മേഖലകളിൽ വഹിച്ച പങ്ക് നിസ്തുലമാണ്. പഠന രംഗത്തും കലാകായിക രംഗങ്ങളിലും മികവ് പുലർത്തി വരുന്ന ഈ സ്ഥാപനം കൊയിലാണ്ടി പട്ടണത്തിന്റെ പടിഞ്ഞാറ് ഭാഗത്തായാണ് പ്രവർത്തിക്കുന്നത്.

1900-04 കാലഘട്ടത്തിൽ കലന്തൻ കുട്ടി എന്ന വ്യക്തിയാണ് സ്ക്കൂൾ ആരംഭിച്ചത്.കൊയിലാണ്ടിയിലെ ഐസ് പ്ലാന്റ് റോഡിനു സമീപം കമ്പിക്കൈ വളപ്പിൽ കലന്തൻ കുട്ടിക്കാന്റെ സ്ക്കൂൾ എന്നാണ് ഈ വിദ്യാലയം അന്ന് അറിയപ്പെട്ടിരുന്നത്. 20-ൽ താഴെ

വിദ്യാർത്ഥികളാണ് അന്ന് പഠിക്കാനായി എത്തിയിരുന്നത്. സ്വകാര്യ സ്ഥാപനമായിരുന്ന ഈ ഏകാധ്യാപക വിദ്യാലയം ഡിസ്ട്രിക്റ്റ് ബോർഡ് ഏറ്റെടുക്കുകയും പിന്നീട് ബോർഡ് മാപ്പിളസ്കൂൾ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെ കുറവായിരുന്ന ആ കാലത്ത് വളരെ ദൂരത്ത് നിന്ന് കാൽനടയായി വിദ്യാർത്ഥികൾ എത്തിയിരുന്നു.സ്ഥാപനത്തിന് സമീപത്തുള്ള ഗ്രാമ്പിയിൽ താമസിക്കുവാനുള്ള സൗകര്യം ഉണ്ടായിരുന്നു. ആരംഭകാലത്ത് അറിവിന്റെ ആദ്യാക്ഷരം കുറിയ്ക്കാൻ സ്കൂളിൽ എത്തിയത് പി സി അബൂബക്കർ എന്ന വിദ്യാർത്ഥിയായിരുന്നു.

അദ്ധ്യാപകനെ ഭയത്തോട് കൂടിയാണ് വിദ്യാർത്ഥികൾ ബഹുമാനിച്ചിരുന്നത്. വാക്കിലും പ്രവർത്തിയിലും വളരെ കർക്കശമായ നിലപാട് സ്വീകരിച്ചിരുന്ന എറക്കാന്റകത്ത് അബ്ദുൾ ഖാദർ മാസ്റ്ററാണ് പ്രഥമാധ്യാപകന്റെ ചുമതല നിർവ്വഹിച്ചിരുന്നത്. അദ്ദേഹത്തിന് ശേഷം കലാകാരനും സാഹിത്യകാരനുമായിരുന്ന പയ്യോളിയിലെ അഹമ്മദ് മാസ്റ്റർ പ്രഥമാധ്യാപകനായി.

ആ കാലത്ത് പി ടി എ സമിതി ഇല്ലായിരുന്നുവെങ്കിലും സ്ഥാപനത്തിന്റെ പുരോഗതിക്കായി നാട്ടുകാർ സജീവമായി ഇടപെട്ടിരുന്നു. അന്നത്തെ വിദ്യാലയപ്രവർത്തനങ്ങൾ വിലയിരുത്താൻ സ്കൂളിൽ എത്താറുള്ള ഓഫീസർ ഗഫൂർഷായുടെ സേവനങ്ങൾ മഹനീയമായിരുന്നു. ചുരുങ്ങിയ കാലയളവിൽ ശ്രദ്ധേയമായിരുന്ന സ്ഥാപനം തീപ്പിടുത്തത്തെ തുടർന്ന് 1917-ൽ ഇന്ന് ഗവൺമെന്റ് മാപ്പിള വൊക്കെഷണൽ ഹയർസെക്കണ്ടറി സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക്മാറ്റുകയാണുണ്ടായത്.സ്കൂൾ നിർമ്മിക്കാനവശ്യമായ സ്ഥലം സംഭാവന ചെയ്തത് ചങ്ങരംപള്ളിമാടത്തുമ്മൽ മിത്തലകത്ത് അബ്ദുള്ള മുസ്ല്യാരാണ്.കുറച്ച് വർഷങ്ങൾക്ക് ശേഷം സ്കൂൾ പരിസരത്തെ ഉമർ ഉമ്മാത്തുമാന്റവിട അബ്ദുള്ള കുട്ടിഹാജി,കുഞ്ഞമ്മദ് സഹോദരങ്ങളുടെ വീടും സ്ഥലവും സർക്കാറിലേക്ക് കൈമാറിയതോടെ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും 1957-ൽ യു പി സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു.


നാരായണകുറുപ്പ് എന്ന അധ്യാപകൻ മുഹമ്മദ് നബിയുടെ സ്തുതിഗീതങ്ങൾ അറബിഭാഷയിൽ ഈണത്തിൽ ചൊല്ലുകയും കുട്ടികൾ വളരെ മനോഹരമായി അത് ഏറ്റുപാടുകയും ചെയ്യുന്നത് കേൾക്കാൻ പൊതുജനങ്ങൾ കൗതുകത്തോടെ സ്കൂളിൽ എത്താറുണ്ടായിരുന്നു.അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സാമുദായിക ഐക്യത്തിന് മാതൃകയായിരുന്നു.

അതിവേഗതയിൽ പുരോഗതിപ്രാപിച്ച ഈ സ്ഥാപനം 1978-ൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു. 1996 ൽ വി എച്ച് എസ് സി ക്ലാസ്സും ആരംഭിച്ചു. ഭൗതികസൗകര്യം വളരെ പരിമിതമായ ഈ സ്ഥാപനത്തിൽ ഒന്ന് മുതൽ ഹയർ സെക്കണ്ടറി വരെയുള്ള ക്ലാസ്സുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.




Aini Azin

III B



# പഠനം വിരൽത്തുമ്പിലൂടെ...

കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ഐ.സി.ടി. പഠനം ലോകത്തിന് തന്നെ മാതൃകയായി മാറിയിരിക്കുകയാണ്. 2001 ൽ ഐടി@സ്ക്കൂൾ പ്രോജക്ട് ആയി കേരള വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിക്കുകയും ഇന്ന് KITE(കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എജ്യൂക്കേഷൻ) എന്ന പേരിൽ കമ്പനിയായി വിദ്യാഭ്യാസ വകുപ്പിനോട് ചേർന്നുകൊണ്ട് പ്രവർത്തിക്കുന്നു.

കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ മുഴുവൻ ഹൈസ്ക്കൂൾക്ലാസുകളും പ്രൊജക്ടർ, സ്പീക്കർ, സ്ക്രീൻ ഇവയടങ്ങിയ സ്മാർട്ട് റൂമുകൾ ആക്കിയാണ് ഇന്ന് ഐസിടി പഠനം മുന്നോട്ടുപോകുന്നത്. അതിനുവേണ്ട അധ്യാപക പരിശീലനങ്ങളും കൈറ്റ് നൽകിവരുന്നു.
ഐ സി ടി പഠനത്തിൻറെ ഒരു സംക്ഷിപ്ത ചരിത്രം താഴെക്കൊടുക്കുന്നു

ഒന്നാം ഘട്ടം (2002-2005)

ഈ പദ്ധതിയുടെ ഒന്നാം ഘട്ടം 2002 മുതൽ തുടങ്ങി 2005 ൽ അവസാനിച്ചു. ഒന്നാം ഘട്ടത്തിൽ 15 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പഠനത്തിനുള്ള അവസരം നൽകി. കൂടാതെ 2699 ലധികം സ്കൂളുകളിൽ 25540 കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തി. വിദ്യാഭ്യാസ മേഖലയിൽ ധാരാളം ഗുണകരമായ മാറ്റങ്ങൾ വരുത്താൻ ഐടി@സ്ക്കൂൾ പ്രോജക്ടിന്റെ നേതൃത്ത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്കൂളുകളിൽ ഐ.സി.റ്റി അടിസ്ഥാന സൗകര്യവികസനം ഉറപ്പുവരുത്തുന്നതും പ്രധാന ലക്ഷ്യമാണ്. ആവശ്യകതയനുസരിച്ച് വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ അനുബന്ധഉപകരണങ്ങൾ ലഭ്യമാക്കുന്നതിന്റെ പരമമായലക്ഷ്യം പഠനബോധന പ്രക്രിയ ലളിതവും രസകരവും കൂടുതലൽ ഫലപ്രദവുമാക്കുക എന്നതാണ്.ക്ലാസ്സ് മുറികളിൽ വിവിധവിഷയങ്ങളുടെ വിനിമയം ഐ.ടി അധിഷ്ഠിതമാക്കുന്നതിനും വിദ്യാലയപ്രവർത്തനങ്ങൾ ഐ.സിറ്റി അധിഷ്ഠിതമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഐടി@സ്ക്കൂൾ പ്രോജക്ട് നടത്തുന്നുണ്ട്.

രണ്ടാം ഘട്ടം (2005 - 2008)

സാറ്റലൈറ്റ് സൗകര്യം ഉപയോഗിച്ച് സ്ക്കൂളുകളിൽ വെർച്ച്വൽ ക്ലാസ് റൂമുകൾ നടപ്പാക്കി. കൂടുതൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ക്കൂളുകളിൽ ലഭ്യമാക്കി. 2005 ഫെബ്രുവരിയിൽ എസ്സ് എസ്സ് എൽ സി യുടെ ഐ.ടി പ്രാക്ടിക്കൽ പരീക്ഷ നടത്തിയതും പ്രത്യേകം തയ്യാറാക്കിയ പരീക്ഷാ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. കേരള ഐ.റ്റി മിഷൻ ,ഫ്രീ സോഫ്റ്റ് വെയർ ഫൗണ്ടേഷൻ എന്നിവരുടെ സഹകരണത്തോടെ സ്വന്തമായി ഗ്നു ലിനക്സ് വെർഷൻ തയ്യാറാക്കാൻ ഐ.ടി @ സ്ക്കൂൾ പ്രോജക്ടിന് കഴിഞ്ഞു. 2008 മാർച്ചിലെ എസ്സ്.എസ്സ്.എൽ.സി യുടെ ഐ.ടി പ്രാക്ടിക്കൽ പരീക്ഷ പൂർണ്ണമായും സ്വതന്ത്രസോഫ്റ്റ് വെയർ ഉപയോഗിച്ച് വിജയകരമായി നടത്താൻ കഴിഞ്ഞു.

സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് ഹൈസ്ക്കൂളുകൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്ക്കൂളുകൾക്കും ഐ.ടി സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി പ്രതിവർഷം 1 ലക്ഷം രൂപാ വിലമതിക്കുന്ന കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും അഞ്ചു വർഷം നൽകി. എല്ലാ സ്ക്കൂളുകളിലും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യവും ലാപ്ടോപ്പുകളും എൽ.സി.ഡി പ്രൊജക്റ്ററുകളും നൽകിയിട്ടുണ്ട്.

ഉച്ചഭക്ഷണപരിപാടി, അദ്ധ്യാപകരുടേയും പ്രഥമാദ്ധ്യാപകരുടെയും സ്ഥലംമാറ്റം, സമ്പൂർണ്ണകായികക്ഷമതാ പദ്ധതി, പാഠപുസ്തക വിതരണം, ന്യൂനപക്ഷസ്കോളർഷിപ്പിന്ന അർഹമായവരെ തെരഞ്ഞെടുക്കൽ തുടങ്ങിയ വിദ്യാഭ്യാസ വകുപ്പിന്റെ ഭരണപരമായ പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാക്കാൻ ഐ.ടി @ സ്ക്കൂൾ പ്രോജക്ട് ശ്രമിക്കുന്നു. ഹയർസെക്കന്ററി പ്രവേശനം സുതാര്യവും കാര്യക്ഷമവുമാക്കാൻ ഏകജാലക സംവിധാനം നടപ്പാക്കി.

സംസ്ഥാനസർക്കാരിനു കീഴിലുള്ള എല്ലാവകുപ്പുകളിലേയ്ക്കും ഇ-ഗവേർണൻസിന്റെ സൗകര്യമൊരുക്കുവാൻ ഐ.ടി @ സ്ക്കൂൾ പ്രോജക്ടിന് കഴിഞ്ഞിട്ടുണ്ട്.എല്ലാവകുപ്പുകളിലേയും എല്ലാ ജീവനക്കാരുടേയും ശമ്പളബില്ലുകൾ കമ്പ്യൂട്ടറിൽ തയ്യാറാക്കുന്നതിനായി

ശമ്പളബില്ലുകൾ തയ്യാറാക്കുന്ന ക്ലാർക്കുമാർ ഡ്രായിങ് ആന്റ്
ഡിസ്ബേർസിങ്ങ് ഓഫീസർമാർ എന്നിവർക്ക് പരിശീലനം നൽകി.

കേരളത്തിലെ ഐസിടി പഠനരംഗത്തിന് നമ്മുടെ സ്കൂളിനും അഭിമാനിക്കാവുന്ന ഒരു നേട്ടം ഉണ്ടായിട്ടുണ്ട് ആദ്യകാലങ്ങളിൽ വിൻഡോസ് ഓപ്പറേറ്റിങ് സിസ്റ്റത്തിൽ തുടങ്ങിയ ഐസിടി പഠനം സ്വതന്ത്ര സോഫ്റ്റ്‌വെയറിലേക്ക് മാറുകയും സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ പരീക്ഷ നടത്തുകയും ചെയ്യുന്ന ഘട്ടത്തിൽ ആദ്യമായി കേരളത്തിലെ മൂന്ന് സ്കൂളുകളിൽ ഈ സൗകര്യം ഒരുക്കുകയുണ്ടായി. അതിൽ കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട നമ്മുടെ സ്കൂളാണ് ഗവൺമെൻറ് മാപ്പിള വൊക്കേഷൻ ഹയർ സെക്കൻഡറി സ്കൂൾ.

**തയ്യാറാക്കിയത്:**
**ഷാജി കാവിൽ**
**കടപ്പാട് : വിക്കിപീഡിയ**




Ayisha Neha

V B



# LIVE FOR TODAY

We know not, what the morrow brings you
Or where the roads may lead you
While time and tide move onward, ever bold
With no halt in their daily speed.

The yesterdays we cannot re-adorn
Or can relive the by gone years
And future days are yet unborn.
But now is here, with much to guide

Today is here-a gracious gift
From the god above
With four twenty golden hours that shine
Reflecting Joyous moments that a wait
Beneath the divine skies
To we and cherish as we wish.

Why worry about the past & future
When today is solely ours,
But make it a rule
To learn from yesterdays
To dream for tomorrow, and
LIVE FOR TODAY
Making the best of each moment.



Faya Zainab

III A



# My Dream

When I was studying in 2nd standard, I dreamt of becoming a pilot, because I liked to travel in flights. When I went to airports I eagerly watched the aeroplanes and thought about how the pilots controlled it. But, several years later, when my teacher taught me about space and solar system, I wanted to become an astronaut. Now I am studying hard in order to achieve my dream. I am certain that my dream will come true.

-Fiyas  A K (9 B)

# Thank You